ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു ചോദ്യം. ലോ സ്റ്റുഡൻസ് ആക്ഷൻ കൗൺസിലിന്റെ പ്രതിനിധികളുമായി എന്നു ചർച്ച നടത്താനാണ് തീരുമാനിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : തീയതി ഇപ്പോൾ പറയാൻ കഴിയുകയില്ല.

(ii) വേലവിരുത്തി വസ്തുക്കളിൻമേലുള്ള ഉടമസ്ഥാവകാശം തീരുമാനിക്കാത്തതിനാലുണ്ടായ സ്ഥിതിവിശേഷം

മി. സ്പീക്കർ: ആർഡർ, ആർഡർ.. ശ്രീ. ബി. എം. ഷെരീഫിന്റെ ശദ്ധ ക്ഷണിക്കൽ 29-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അഭാവത്തിൽ നിർത്തിവച്ചിരുന്നു.

ശ്രീ. ബി. എം. ഷെരീഫ് : സർ, മധ്യതിരുവിതാംകൂറിലുള്ള വേലവിരുത്തി വസ്തുക്കളെ സംബന്ധിച്ച് സാമൂഹ്യ രംഗത്തു വളരെയധികം പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണമായ ഭൂപരിഷ്കരണം നടപ്പിലാക്കിയ കേരളത്തിൽ, മൺമറഞ്ഞുപോയ രാജവാഴ്ചയുടെ അവശിഷ്ടമെന്നനിലയിൽ ഇത് സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിൽ അഞ്ഞൂറിലധികം ഏക്കർ വസ്തുക്കൾക്ക് അവകാശികളാരെന്നു തീരുമാനിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പോലീസ് സ്റ്റേഷനുകളിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സർ, 1970-ലെ വിരുത്തിനിയമമനുസരിച്ച് ഈ വസ്തുക്കൾ ഗവൺമെൻറിൽ സ്ഥിതിചെയ്യുകയാണ്. എന്നാൽ ഗവൺമെൻറ് ഈ വസ്തുക്കൾ ഏറ്റെടുക്കാനോ കാർഷിക പരിഷ്കരണ നിയമമനുസരിച്ച് കൈകാര്യം ചെയ്യാനോ നടപടികളെടുത്തിട്ടില്ല. ഈ വസ്തുക്കളെ സംബന്ധിച്ച അവകാശത്തർക്കങ്ങൾ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. വേലകളി നടത്തുന്നതിന് രാജഭോഗം കൊടുത്ത് പതിച്ചുകൊടുത്തിരുന്ന വസ്തുക്കളായിരുന്നു. വിരുത്തിനിയമമനുസരിച്ച് ഗവൺമെൻറ് ഈ വസ്തുക്കൾ കരസ്ഥമാക്കിയപ്പോൾ അവകാശം തീരുമാനിക്കാത്തതിന്റെ ഫലമായി തർക്കങ്ങൾ ഉണ്ടായി കൂടുതൽകൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. വീടുവയ്ക്കാനും മറ്റുമുള്ള പലതരത്തിലുള്ള ആനുകൂല്യങ്ങൾ ഗവൺമെൻറു ചെയ്യുമ്പോൾ അത്തരത്തിലുള്ള യാതൊരാനുകൂല്യവും വാങ്ങിക്കാൻ, ഉടമസ്ഥാവകാശം തീരുമാനിക്കപ്പെടാത്തതുകൊണ്ട് ഇന്നു കൈവശക്കാർക്കു കഴിയുന്നില്ല. ഈ ഭൂമികൾ കൈവശക്കാർക്കു പതിച്ചുകൊടുക്കുന്നതിനു നിയമംകൊണ്ടുവന്ന് മൂർത്തമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കര ഈ താലൂക്കുകളിലാണു വിരുത്തിഭൂമി ഉള്ളതും അതിന്റെ പ്രശ്നങ്ങളുള്ളതും. നെടുമങ്ങാട് ചിറയിൻകീഴ് പ്രദേശങ്ങളിലും കുറച്ചുണ്ട്. ചില പ്രത്യേക കാലഘട്ടത്തിൽ ചില പ്രത്യേക സർവീസുകാർക്ക് അങ്ങനെ കൊടുത്തിട്ടുള്ളതാണ്. വിരുത്തി ഭൂമി കൈവശം വയ്ക്കുന്ന ആളുകൾക്ക് അതിൽ ഉടമസ്ഥാവകാശമില്ല. ഊഴിയം നടത്താൻ കൊടുത്തിരുന്നതാണ്. ഇപ്പോൾ ഊഴിയം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്തതുകൊണ്ട് ഇപ്പോഴും അവകാശമില്ല. അതുസംബന്ധിച്ചവ്യവസ്ഥ ഞാൻ വായിക്കാം. 1945-ൽ ആണ് റൂൾസ് ഉണ്ടാക്കിയത്. 1074-ലെ ഗവൺമെൻറ് ആർഡറിനെ തുടർന്ന് ഉണ്ടാക്കിയതാണ്. സെക്ഷൻ 3 (1)ൽ പറയുന്നത് ഇതാണ്. "The *Viruthikar* has no right over his *viruthi* holdings except his enjoy ment during the regular performance of the services imposed on him and he shall not alienate by sale, gift, mortgage or otherwise or encumber the property in any manner without the sanction of the Government. All such alienation shall be null and void." സർ, ഇതിൽനിന്നു വളരെ വ്യക്തമാണ്. ഊഴിയം നടത്താനാണ്. അതു നടത്താത്തിടത്തോളം കാലം കൈവശം വയ്ക്കാനും അനുഭവമെടുക്കാനും സാദ്ധ്യമല്ല. 1970-നു ശേഷം ഊഴിയം നിർത്തൽചെയ്തുകൊണ്ട് ഇനി ഈ സർവീസ് വേണ്ട എന്നു പറഞ്ഞുകൊണ്ട് തീരുമാനമുണ്ടായി. ഇപ്പോൾ ഇവർക്ക് ഈ ഭൂമികളിൽ ഉടമസ്ഥാവകാശം ഇല്ല. ഭൂമി ഗവൺമെൻറിൻെറ പേരിലാണ്. ഗവൺമെൻറ് ഈ ഭൂമി ചട്ടപ്രകാരം പതിച്ചുകൊടുക്കുന്നതായിരിക്കും. അതിനു നിയമനിർമ്മാണത്തെസംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയപ്പോൾ ഇങ്ങനെയുള്ള ഭൂമികൾ അവസാന തീരുമാനമാകാതെ കിടക്കുന്നതു നല്ലതല്ലെന്നു ഗവൺമെൻറു തീരുമാനിച്ചു. പക്ഷേ ഈ ഭൂമിയുടെ കാര്യത്തിൽ വേണമെന്നുതോന്നിയില്ല. ചില തർക്കങ്ങളുണ്ടെന്നുള്ളതു ശരിയാണ്. കാർത്തികപ്പള്ളി മാവേലിക്കര താലൂക്കുകളിൽ തർക്കങ്ങൾ ഇല്ലെന്നാണ് റിപ്പോർട്ട്. പക്ഷേ കരുനാഗപ്പള്ളി താലൂക്കിൽ തർക്കങ്ങളുണ്ടെന്നു റിപ്പോർട്ടുകിട്ടിയിട്ടുണ്ട്. ഈ ഭൂമിയെ സംബന്ധിച്ച് നിയമവിരുദ്ധമായ പല കൈമാറ്റങ്ങളും നടന്നിട്ടുണ്ട്. പലരും മക്കളുടെയും ബന്ധുക്കളുടെയും ഒക്കെ പേരിൽ ആക്കിയിട്ടുണ്ട്. ഒരു കണക്ക് ഉദ്ധരിച്ച് അതു വിശദമാക്കാം. കരുനാഗപ്പള്ളി താലൂക്കിൽ 208 ഏക്കറാണുള്ളത്. 1970-ലെ പട്ടയദാരൻമാർ 153 പേരാണ്. എന്നാൽ ഇപ്പോൾ 712 പേരുണ്ട് ഓക്യുപ്പെൻറ്സ് ആയിട്ട്. എന്തുമാത്രം സങ്കീർണ്ണമാണെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഇവർ തമ്മിൽ തർക്കങ്ങളുണ്ടാകുമെന്നുള്ളതിനു സംശയമില്ല. ലാൻറ് അസൈൻമെൻറ് റൂൾസനുസരിച്ച് ഈ ഭൂമി പതിച്ചുകൊടുക്കുന്നതിനാണ് ഗവൺമെൻറ് ആലോചിക്കുന്നത്. ഈ ഭൂമിയെ സംബന്ധിച്ച് ഒരു ഹൈക്കോടതിവിധിയും ഉണ്ടായിട്ടുണ്ട്. അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് ആ കാലത്തേക്കുമാത്രമല്ലാതെ അവകാശമില്ല എന്ന്. ഏതായാലും അടിയന്തിരമായ നടപടി സ്വീകരിക്കുന്നുണ്ട്. തർക്കങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ആ നടപടികൾമൂലം ഇതിനു പൂർണ്ണമായ വിരാമം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

III റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട്.

Shri. T. A. Paraman: Sir, I present the Third Report of the Committee on Subordinate Legislation.

IV പ്രസ്താവന

പരിയാരം ഫോറസ്റ്റ് റെയിഞ്ചിലെ കൂപ്പുലേലത്തെ സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് ചെയ്ത പ്രസ്താവന

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പരിയാരം ഫോറസ്റ്റ് റെയ്ഞ്ചിലെ 12 സെയിൽ കൂപ്പുകളെ സംബന്ധിക്കുന്ന ഒരു ലേലം നടന്നു. 25 ലക്ഷം രൂപയ്ക്കാണ് ആ കൂപ്പ് ലേലം ചെയ്തത്. ഒരു കോടിയിൽപ്പരം രൂപ

LIBRARY ARCHIVES Kerala Legislative Assembly